കേരള സർക്കാർ

# കീഴ്മാട് ഗ്രാമപഞ്ചായത്ത്

# 2015-16 വർഷത്തെ

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.5)1978/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി :13.12.2016

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)

കീഴ്മാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കീഴ്മാട് ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം. കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-4 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം
(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ
3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ ഇ.കെ.എം (പി5 )1978/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം,
ഇ-മെയിൽ -doekm.ksad@gmail.com
ഫോൺ : 0484-2422271

തീയതി.13.12.2016

## എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളംജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 1.04.2015 മുതൽ 31.03.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ഡി.സുരേഷ് രാജു<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 04.11.2016 മുതൽ 11.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.ഷേർളി പീറ്റർ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.എം.എസ് . ഗോപകുമാർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | | |
|---|---|---|---|
| | | ശ്രീമതി.ഷൈബി ഇ.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീമതി.ഷൈനി പി.എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.സന്തോഷ് കെ.വി. | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ലൈസാ സെബാസ്റ്റിൻ | 1.04.2015മുതൽ 30.11.2015വരെ |
| | ശ്രീ.കെ രമേശ് | 1.12.2015മുതൽ 31.03.2016 |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.മജീദ് സി.എം | 01.04.2015 മുതൽ 18.12.2015(FN) വരെ |
| | ശ്രീ. മുഹമ്മദ്സിറാജ് പി (സെക്രട്ടറി- ഇൻ-ചാർജ്) | 18.12.2015(AN) മുതൽ 31.01.2016വരെ |
| | ശ്രീ.മജീദ് സി.എം | 01.02.2016 മുതൽ 31.3.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്ററന്റ് സെക്രട്ടറി | ശ്രീമതി.ബി.നെജ്മുല്ലിനിസ | 01.04.2015 മുതൽ 31.07.2015 വരെ |
| | ശ്രീ. മുഹമ്മദ്സിറാജ് പി. | 01.08.15 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ. | സന്തോഷ്. പി.എം. | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. നസീമ. കെ | 01.04.2015മുതൽ 07.6.2015 വരെ |
| | ശ്രീമതി.പി.എം.സാഹിബ | 08.6.2015മുതൽ 31.03.2016 വരെ |
| ഐ.സി. ഡി.എസ്. സൂപ്പർ വൈസർ | ശ്രീമതി.കെ.എച്ച് നദീറ | 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ജസ്ന കെ.മുഹമ്മദ് | 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ. സ്മിത തോമസ് പി | 01.04.2015മുതൽ 15.09.2015 വരെ |
| | ഡോ.സി.എം സറഫുദ്ദീൻ | 16.9.2015മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ(PHC) | ഡോ. ലിസ്യൂക്സ് സെബാസ്റ്റ്യൻ | 01.04.2015മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ശ്രീലത പി.കെ | 01.04.2015മുതൽ 06.07.2015 വരെ |
| | ഡോ.സിനി എൻ | 06.07.2015മുതൽ 31.03.2016 വരെ |
| ചീഫ് മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.മധുസൂദനൻ നമ്പ്യാർ | 01.04.2015മുതൽ 31.03.2016 വരെ |
| എച്ച്.എം ഗവ,എൽപി.എസ്. എരുമത്തല | ശ്രീമതി.ജി.രാധ | 01.04.2015മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.മഞ്ജു ബി. | 01.04.2015മുതൽ 31.03.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരങ്ങൾ | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ. | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം 2 | | |
| 13 | മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല. നഷ്ടം127526/-രൂപ | 2-1 | |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കേണ്ടതാണ്. | 2-1(a) | |

| | | | |
|---|---|---|---|
| 15 | ഈടാക്കിയ തുക അടവാക്കിയതിൽ കുറവ് – നഷ്ടം. 375/- രൂപ | 2-2 | |
| 16 | രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 2-2(a) | |
| 17 | കമ്മ്യൂണിറ്റി ഹാൾ വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. | 2-3 | |
| 18 | അബാദ് ബിൽഡേഴ്സ് - പെർമിറ്റ് ഫീസ് ഈടാക്കിയില്ല. | 2-4 | |
| 19 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2-5 | |
| 20 | പരസ്യ നികുതി ലേലതുക- അപാകത | 2-6 | |
| | ഭാഗം 3 | | |
| 21 | വീട് പുനരുദ്ധാരണം - 12020/- രൂപ വാല്യുവേഷനിലും അധികം നൽകി | 3-1 | |
| 22 | മരുന്ന് ലഭ്യമായില്ല- 100000/- തടസ്സപ്പെടുത്തുന്നു | 3-2 | |
| 23 | കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് -2 ലക്ഷം രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു | 3-3 | |
| 24 | പകരം ജീവനക്കാരിക്ക് നൽകിയ വേതനം 1800/- രൂപ നിരാകരിക്കുന്നു | 3-4 | |
| 25 | വാഹന വാടക നൽകിയത് - ആദായ നികുതി 1400/- രൂപ സ്രോതസ്സിൽ നിന്ന് ഈടാക്കിയില്ല | 3-5 | |
| 26 | വൈദ്യുതി ബില്ലിൽ തെറ്റായ താരിഫ് നിർണ്ണയം | 3-6 | |
| 27 | അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ- സംബന്ധിച്ച് | 3-7 | |
| 28 | എസ് സി ഭവന സമുച്ചയം - പാതി വഴിയിൽ ഉപേക്ഷിച്ചു. | 3-8 | |
| 29 | വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു- 13,05,233/- | 3-9 | |
| 30 | പഞ്ചായത്തിന്റെ സ്റ്റേഡിയം ഗ്രൗണ്ട് - പരിപാലനത്തിലെ അലംഭാവം | 3-10 | |
| 31 | ഗുണഭോക്തൃസമിതികൾ വഴി മരാമത്ത് പ്രവൃത്തികൾ- അപാകതകൾ | 3-11 | |
| 32 | മരാമത്ത് പ്രവൃത്തികൾ- അവലോകനം | 3-12 | |
| 33 | ബിറ്റുമെന്റെ വിലയിൽ കോസ്ററ് ഇൻഡെക്സ് കണക്കാക്കി അധികനിരക്ക് നൽകി. | 3-13 | |
| | ഭാഗം 4 | | |

| | | | |
|---|---|---|---|
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 35 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 37 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 39 | ഓഡിറ്റ് റിക്കവറി | 4-6 | |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 43 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2015-16) | അനുബന്ധം1 | |
| 44 | ബാലൻസ് ഷീറ്റ് (2015-16) | അനുബന്ധം2 | |
| 45 | റസീപ്റ്റ് ആൻഡ് പേയ്മെന്റ് (2015-16) | അനുബന്ധം3 | |
| 46 | ഇൻകം ആൻഡ് എക്സ് പെന്റിച്ചർ (2015-16) | അനുബന്ധം4 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 വർഷത്തെ ബജറ്റ് 28.03.2015 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| | ബജറ്റ് പ്രകാരം | അക്കൗണ്ടസ് പ്രകാരം | വ്യത്യാസം |
|---|---|---|---|
| വരവ് | 15,18,68,600 | 4,15,70,275 | 11,02,98,325 |
| ചെലവ് | 17,71,30,000 | 5,71,47,769 | 11,99,82,231 |

പ്രതീക്ഷിതവരവ്-ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ വലിയ വ്യത്യാസം കാണുന്നുണ്ട്. സാമൂഹ്യസുരക്ഷിതത്വപെൻഷനുകളുടെ വരവ് -ചെലവും, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ വരവ് -ചെലവും ഉൾപ്പെടെയാണ് ബജറ്റിൽ പഞ്ചായത്തിന്റെ ആകെ പ്രതീക്ഷിതവരവ് -ചെലവ് കണക്കാക്കുന്നത്. എന്നാൽ സാമൂഹ്യസുരക്ഷിതത്വ പെൻഷനുകൾ ഡി.ബി.റ്റി. (ഡയരക്ട് ബെനിഫിറ്റ് സ്കീം) പ്രകാരവും, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ്പദ്ധതി ഇ.എഫ്.എം.എസ് വഴിയും ആയതിനാൽ ആയവയുടെ കണക്കുകൾ യഥാർത്ഥ വരവ് --ചെലവ് കണക്കാക്കുമ്പോൾ വാർഷികധനകാര്യപത്രികയുടെ ഭാഗമായി വരുന്നില്ല. പ്രതീക്ഷിതവരവ്-ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിലുള്ള ഗണ്യമായ

വ്യത്യാസത്തിന് ഒരു കാരണം ഇതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരി ഹരിക്കാൻ തിരി ച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2016 | 25.07.2016 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരങ്ങൾ

വാർഷികധനകാര്യ പത്രിക പരിശോധിച്ചു. അപാകതകളൊന്നുമില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 4,05,78,944 |
| വരവ് | 4,15,70,275 |
| ആകെ | 8,21,49,219 |
| ചെലവ് | 5,71,47,769 |
| നീക്കിബാക്കി | 2,50,01,450 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കി ബാക്കി | ശതമാനം |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3813019 | 21426729 | 25239748 | 15570460 | 9669288 | 0 | 100 |
| വികസന ഫണ്ട്(എസ്.സി.പി) | 54,47,972 | 1773883 | 72855 | 27,03,431 | 4518424 | 0 | 100 |
| വികസനഫണ്ട് (ടി.എസ്.പി) | 111142 | 0 | 11142 | 0 | 111142 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 475870 | 573527 | 62,06397 | 6206397 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 450957 | 2076360 | 2527317 | 2527317 | 0 | 0 | 100 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1755241 | 6772,615 | 8527856 | 5691239 | 2836617 | 0 | 100 |
| ലോക ബാങ്ക് സഹായം | 3281605 | 0 | 3281605 | 1078500 | 2203105 | 0 | 100 |

| | | | | | | | |
|---|---|---|---|---|---|---|---|
| MG NREGS | 38738 | 7973535 | 8012273 | 8009817 | 0 | 2456 | |
| ബി ഫണ്ട് | 0 | 32929950 | 32929950 | 32929950 | 0 | 0 | 100 |

11.12.2015-ൽ എസ്.സി.പി, ടി.എസ്.പി, ധനകാര്യകമ്മീഷൻ അവാർഡ്, ലോകബാങ്ക് വിഹിതം എന്നീ ഇനങ്ങളിൽ ബാക്കിനിന്നിരുന്ന യഥാക്രമം 45,18,424/-, 1,11,142/-, 28,36,617/-, 22,03,105/-എന്നിവയുടെ ആകെ തുകയായ 96,69,288/- രൂപ വികസനഫണ്ട് (ജനറൽ) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. ഈ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയും, 12/2015 മുതൽ VPFA II (a) അക്കൗണ്ടിൽ നിന്ന് 31.03.2016- വരെ യഥാർത്ഥത്തിൽ ചെലവായ തുകയും, 01.04.2015-ലെ മുന്നിരിപ്പും ഉൾപ്പെടെ 2,52,39,748/- 2015-16 വർഷം ചെലവായി. 31.03.2016 -ൽ ഈ അക്കൗണ്ടുകളുടെയെല്ലാം നീക്കിബാക്കി ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 218 | 69060573 | 175 | 3,95,90,491 | 41 | 2 | 80.27% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)ആശ്രയ പദ്ധതി (ജനറൽ)

2)പഞ്ചായത്ത് ഓഫീസിലേക്ക് ഫർണീച്ചർ

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 8.66 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 10364515 | 10191253 | (-) 173262 | (-)1.67% |
| നികുതിയേതര വരവുകൾ | 1166068 | 1005681 | (-) 160387 | (-)13.75 % |
| മറ്റുവരവുകൾ | 434141 | 1804422 | (+) 1370281 | (+) 315 % |
| ആകെ | 11964724 | 13001356 | (+)1036632 | (+)8.66% |

പഞ്ചായത്തിന്റെ ആകെ തനത് വരുമാനത്തിൽ 8.66% വളർച്ച കാണിക്കുന്നുണ്ടെങ്കിലും നികുതി-നികുതിയേതര വരുമാനത്തിൻ വർദ്ധനവില്ലായെന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. 2015-16 വർഷത്തിൽ ബാങ്ക് പലിശയിനത്തിൽ ലഭിച്ച 17,84,732/- രൂപയുടെ വരവാണ് തനത് വരുമാനവർദ്ധനവിന് കാരണമെന്ന് കാണാവുന്നതാണ്. വരും

വർഷങ്ങളിൽ നികുതി-നികുതിയേതര വരുമാനത്തിൻ പുരോഗതി കൈവരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42360 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 2773290 | 312 |
| വിധവാപെൻഷൻ | 12293360 | 1191 |
| വാർദ്ധക്യകാലപെൻഷൻ | 14080050 | 1908 |
| വികലാംഗപെൻഷൻ | 3050770 | 329 |

സാമൂഹ്യസുരക്ഷിതത്വപെൻഷനുകൾ ഡി.ബി.റ്റി.(ഡയരക്ട് ബെനിഫിറ്റ് സ്കീം) വഴിയാണ് നല്കിവരുന്നത്.

## 1-9 ആഭ്യന്തരനിയന്ത്രണം.

ഫ്രണ്ട് ഓഫീസ്-ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

പേഴ്സണൽ രജിസ്റ്റർ : ലഭിക്കുന്ന തപാലുകളെല്ലാം രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ട്.

ഓഫീസ് മീറ്റിംഗ് മിനുട്സ് ബുക്ക് : ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടുന്നുണ്ട്.യോഗ തീരുമാനങ്ങൾ/അഭിപ്രായങ്ങൾ മിനുട്സ് ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഗ്രാമസഭ: ഗ്രാമസഭകൾ കൃത്യമായ കാലയളവിൽ ചേരുന്നുണ്ട്.ഗ്രാമസഭകളിൽ പരമാവധി ജനപങ്കാളിത്തവും ചർച്ചകളും ഉറപ്പുവരുത്തുന്നുണ്ട്.

രജിസ്ററുകളുടെ സൂക്ഷിപ്പ് : ഡിമാന്റ് രജിസ്റ്ററുകൾ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിററ് രജിസ്ററർ, ആസ്തി രജിസ്ററർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

പൊതുടാപ്പുകളുടെ വിശദാംശങ്ങൾ ഉള്ള രജിസ്ററർ, തെരുവുവിളക്കുകളുടെ രജിസ്ററർ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.11.2016 ന് അക്കൗണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 39672/--രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് നല്കപ്പെട്ടവർ | | | | തൊഴിൽ ആവശ്യപ്പെട്ട വരുടെ എണ്ണം | തൊഴിൽ നല്കപ്പെട്ടവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 349 | 11 | 1016 | 1376 | 613 | 560 | 10620 | 225 | 25201 | 36046 | 128 |

| മുന്നിരിപ്പ് | തൻവർഷവരവ് | | | ആകെ വരവ് | ചെലവ് | | | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|---|---|
| | EFMS | ഭരണ ച്ചെലവു കൾക്കാ യുള്ള തുക (AFS പ്രകാരം) | ആകെ | | EFMS | ഭരണ ച്ചെലവു കൾക്കാ യുള്ള തുക (AFS പ്രകാരം) | ആകെ | |
| 38738 | 7735239 | 238296 | 7973535 | 8012273 | 7735239 | 274578 | 8009817 | 2456 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 25.10.2016 | ആഗസ്റ്റ് 2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.06.2014 | 2012-13 | 30.07.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കിയില്ല. നഷ്ടം127526/-രൂപ

കീഴ്മാട് ഗ്രാമ പഞ്ചായത്തിൽ ആകെ 8 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയിൽ 7 ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല. ഇതു മൂലം പഞ്ചായത്തിന് വൻ വരുമാന നഷ്ടമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വസ്തു നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 2015-16 ൽ 127526 /- രൂപ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം വന്നിട്ടുണ്ട്. വിശദവിവരം ചേർക്കുന്നു.

| ക്രമ | വാർഡ്/പേര് | നമ്പർ | പേര് | തുക |
|---|---|---|---|---|

| നം | | | | |
|---|---|---|---|---|
| 1 | IV | 194 | ഐഡിയ കമ്മ്യൂണിക്കേഷൻ | 30545 |
| 2 | XIII | 378A | ബി എസ് എൻ എൽ | 26933 |
| 3 | V | 119A | ബി എസ് എൻ എൽ | 10065 |
| 4 | XVI | 66 B | ടവർ വിഷൻ | 15045 |
| 5 | X | 387 | ഭാരതി എയർടെൽ | 7244 |
| 6 | XIII | 167A | ഐഡിയ മൊബൈൽകമ്മ്യൂണിക്കേഷൻ | 17741 |
| 7 | VIII | 586A | ഇൻഡസ് ടവർ | 19953 |

ആകെ 127526 /-രൂപ

മൊബൈൽ ടവറുകളുടെ നാളിതു വരെയുള്ള വസ്തു നികുതി ഈടാക്കേണ്ടതാണ്.

## 2-1(a) മൊബൈൽ ടവറുകളുടെ വസ്തുനികുതി പരിഷ്കരിച്ച നിരക്കിൽ ഈടാക്കേണ്ടതാണ്.

2012-13 ൽ വസ്തു നികുതി പരിഷ്കരിച്ചപ്പോൾ താഴെ പറയുന്ന മൊബൈൽ ടവറുകൾ ഉൾപ്പെടുത്തിയിരുന്നില്ല.

| പേര് | പഴയ വാർഡ്/ നം. | നിലവിലുണ്ടായിരുന്ന വസ്തു നികുതി |
|---|---|---|
| ബി എസ് എൻ എൽ | II /73 I | 871 |
| ടവർ വിഷൻ | VIII / 449 L | 260 |
| ഇൻഡസ് ടവർ | IX / 98 A | 500 |
| ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | IX/ 830 M | 436 |

ഇത് സംബന്ധിച്ച് 08.11.2016 ൽ നൽകിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഈ മൊബൈൽ ടവറുകളുടെ വസ്തു നികുതി താഴെ കാണും പ്രകാരം പരിഷ്കരിച്ചു.

| പേര് | പുതിയ വാർഡ്/ നം. | വസ്തു നികുതി |
|---|---|---|
| ബി എസ് എൻ എൽ | V 119 A | 10065 |
| ടവർ വിഷൻ | XVI 66 B | 15045 |
| ഇൻഡസ് ടവർ | VIII 586 A | 19953 |
| ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻ | XIII 167 A | 17741 |

പരിഷ്കരിച്ച നിരക്കിലുള്ള വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്ററിൽ ചേർത്ത്, ഡിമാന്റ് ചെയ്ത്, ബന്ധപ്പെട്ടവരിൽനിന്ന് നാളിതുവരെയുള്ള പലിശ സഹിതം ഈടാക്കുവാനുള്ള നടപടി

സ്വീകരിക്കേണ്ടതാണ്.

## 2-2 ഈടാക്കിയ തുക അടവാക്കിയതിൽ കുറവ് - നഷ്ടം 375/- രൂ.

കൃഷി ഓഫീസർക്ക് നൽകിയ രസീതി ബുക്ക് നം. 11746 രസീതി നം. 95 പ്രകാരം 15/02/16ൽ കുര്യാക്കോസ് എ പി, അറക്കൽ, ചുണങ്ങംവേലി എന്നയാളിൽ നിന്നും ജാതി കൃഷി വികസനം 15-16, ജാതി തൈ ഗുണഭോക്തൃ വിഹിതം ആയി 750/-രൂപ പിരിച്ചിട്ടുണ്ട്. എന്നാൽ 375/-രൂപ മാത്രമാണ് കളക്ഷൻ രജിസ്റ്ററിൽ ചേർത്ത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടുള്ളത്. അടവാക്കാനുള്ള ബാക്കി തുകയായ 375/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കേണ്ടതാണ്.

## 2-2(a) രസീത് പരിശോധനയിൽ കണ്ട അപാകതകൾ

01/04/2015 മുതൽ 31/03/16വരെയുള്ള രസീതുകളുടെ പിരിവ്, പണമടവ് എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന പൊതു അപാകതകൾ കണ്ടെത്തി.

i). 2015-16ൽ നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ഉപയോഗത്തിന് നൽകിയ രസീത് ബുക്കുകളിലും പഞ്ചായത്ത് കാര്യാലയത്തിലെ ഉപയോഗത്തിനായി എടുത്ത രസീത് ബുക്കുകളിലും പേജ് കൗണ്ട് സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിരുന്നില്ല.

ii) ക്യാൻസൽ ചെയ്ത മാനുവൽ രസീതുകൾ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തുന്നില്ല.

iii) മാനുവൽ രസീത് ഉപയോഗിച്ച് പിരിക്കുന്ന തുകകൾ വരവ് വക്കുന്ന കളക്ഷൻ രജിസ്റ്റർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

iv) 2015-16സാമ്പത്തിക വർഷം അവസാനിച്ചതിനു ശേഷം ഉപയോഗിക്കാതെ ശേഷിച്ച രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

മുകളിൽ പറഞ്ഞ അപാകതകൾ ചൂണ്ടിക്കാട്ടി നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ മറുപടിയിൽ ആയവ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വരവുകളുടെ രേഖപ്പെടുത്തൽ സംബന്ധിച്ച് മാനുവൽ രസീതുകൾക്ക് 1965-ലെ പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങളിലെ 35, 36 ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം രസീതുകളും, സാംഖ്യ രസീതുകൾക്ക് 2011ലെ കേരള പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങളിലെ അദ്ധ്യായം III ഖണ്ഡിക 20,21 എന്നിവയിൽ നിർദ്ദേശിക്കും പ്രകാരമുള്ള രസീതുകളും, നല്കുന്നുണ്ടെന്നും അവയുടെ രേഖപ്പെടുത്തലുകളും, പരിപാലനവും പ്രസ്തുത ചട്ടങ്ങൾ പ്രകാരം തന്നെയെന്നും സെക്രട്ടറി, അക്കൗണ്ടന്റ്, മറ്റ് ബന്ധപ്പെട്ട ജീവനക്കാർ എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.

## 2-3 കമ്മ്യൂണിറ്റി ഹാൾ വാടക രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല

കമ്മ്യൂണിറ്റി ഹാൾ വാടക ഇനത്തിൽ 2015-16 ൽ 51,500/- രൂപ വരവ് വന്നിട്ടുണ്ട്. എന്നാൽ ഓഡിറ്റിനായി ഹാജരാക്കിയ രജിസ്റ്റർ, ഫയൽ എന്നിവ അപൂർണ്ണമായതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

## 2-4 അബാദ് ബിൽഡേഴ്സ് - പെർമിറ്റ് ഫീസ് ഈടാക്കാത്തതിലുള്ള നഷ്ടം

കീഴ്മാട് ഗ്രാമ പഞ്ചായത്ത് ആലുവ ഒന്നാം വാർഡ് ഈസ്റ്റ് വില്ലേജ് ബ്ലോക്ക് 33, റീസർവ്വേ നം. 50/4 ൽ പെട്ട 26.80 ആർ സ്ഥലത്ത് 'അക്വേറിയസ്'' എന്ന പേരിൽ താമസാവശ്യത്തിനുള്ള ഒരു ബഹു നില കെട്ടിട സമുച്ചയം പണിയുന്നതിന് 03.04.2006 ൽ അബാദ് ബിൽഡേഴ്സ് എന്ന സ്ഥാപനത്തിന് എ-6-06/16 നമ്പറിൽ NOC നൽകിയിട്ടുണ്ട്.
തദ്ദേശസ്വയംഭരണ വകുപ്പിന്റെ 06.06.2007 ലെ ജി ഒ (എം എസ്)150/2007 ാം നം. ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ ചട്ടം പഞ്ചായത്തുകളിൽ ബാധകമാക്കുകയും, 20.06.07 ലെ 24136 / RAI /07 ാം നം. ഉത്തരവു പ്രകാരം കെട്ടിട നിർമ്മാണ ചട്ടം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് എൻ ഒ സി വാങ്ങി കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുള്ളതും, പണി പൂർത്തിയാക്കി കെട്ടിട നമ്പർ അനുവദിച്ചിട്ടില്ലാത്ത കെട്ടിടങ്ങൾക്കും, നിയമാനുസൃത ഫീസുകൾ ബാധകമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.
ഇതനുസരിച്ച് 19.10.09 ൽ A6-365/07 ാം നമ്പർ നോട്ടീസ് മുഖേന റെഗുലറൈസേഷൻ ഫീ, FAR വയലേഷൻ ഫീ, ആപ്ലിക്കേഷൻ എന്നീയിനങ്ങളിൽ 16,52,592/-രൂപ അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിൽ FAR വയലേഷൻ ഫീ ഒഴികെയുള്ള 31592/- രൂപ അടവാക്കി. എന്നാൽ FARഡയലേഷൻ ഫീ അടയ്ക്കാതിരുന്നതിനാൽ A6-365/07തീയതി 23.11.07 സ്റ്റോപ്പ് മെമ്മോ RR നോട്ടീസ് നൽകി. സ്റ്റോപ്പ് മെമ്മോയ്ക്കെതിരെ അബാദ് ബിൽഡേഴ്സ് ബഹു. കേരള ഹൈക്കോടതിയിൽ WP (C) No. 35282/07 (A) ആയി ഫയൽ ചെയ്ത കേസിലെ ഇടക്കാല ഉത്തരവ് നം. IAI 36661/08 തീയതി 03.11.08 പ്രകാരം കെട്ടിടത്തിന് നമ്പർ നൽകി.
ബഹു.കേരള ഹൈക്കോടതിയിൽ തൃക്കാക്കര ഗ്രാമപഞ്ചായത്തിനെതിരെയും സർക്കാരിനെതിരെയും മേത്തർ പ്രോജക്ട് പ്രൈ.ലി. ഫയൽ ചെയ്ത WP(C) No. 13086 of 2009 (E) എന്ന സമാന സ്വഭാവമുള്ള കേസിൽ 25.11.2009 ലെ വിധിയിൽ, 'കെട്ടിട നിർമ്മാണ ചട്ട പ്രകാരം നിയമാനുസൃത ഫീസ് ഈടാക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ള അധികാരത്തിൽ ഇടപെടുന്നില്ലായെന്നും പരാതിക്കാർ സർക്കാരിനെ തന്നെ നേരിട്ട് സമീപിക്കണം 'എന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ സ്റ്റാന്റിംഗ് കൗൺസിലായ അഡ്വ. ഷാനവാസ് ഖാനിൽ നിന്നു ലഭിച്ച നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ 14.06.12, 13.08.2012 തുടങ്ങിയ തീയതികളിൽ വീണ്ടും നോട്ടീസ് അയച്ചിട്ടുണ്ട്. എന്നാൽ അബാദ് ബിൽഡേഴ്സ് മറുപടി തരികയോ പണം ഒടുക്കുകയോ ചെയ്തിട്ടില്ല.
ഈ വിഷയം തീർപ്പാക്കാനായി ബഹു.പഞ്ചായത്ത് സോഷ്യൽ വെൽഫയർ മന്ത്രിയുടെ 1സാന്നിദ്ധ്യത്തിൽ 7.01.13 ന് ഇരുകൂട്ടരുമായി ചർച്ച നടത്തി. വിശദമായ ചർച്ചക്കു ശേഷം പ്രിൻസിപ്പൽ സെക്രട്ടറി ഇതേ വിഷയം AG/ ലോ ഡിപ്പാർട്ട്മെന്റിന്റെ നിയമോപദേശത്തിനായി വിടാൻ നിർദ്ദേശിച്ചു. കൂടാതെ പെറ്റീഷണർ (അബാദ് ബിൽഡേഴ്സ് ) എല്ലാ അവശ്യ രേഖകളും സർക്കാരിലേക്ക് സമർപ്പിക്കാനും നിർദ്ദേശിച്ചു.എന്നാൽ പഞ്ചായത്ത് സെക്രട്ടറിയുടെ 13.12.14 , 25.11.14 തീയതികളിലെ എ2- 60429/14ാം നം. കത്തിൽ മേൽ പറഞ്ഞ രേഖകൾ സർക്കാരിൽ സമർപ്പിച്ചിട്ടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

കുടിശ്ശിക നിലനിൽക്കെ ഇതേ ബിൽഡറുടെ മറ്റൊരു ഫ്ലാറ്റ് സമുച്ചയത്തിന് കംപ്ലീഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 16,21,000/- രൂപ കുടിശ്ശിക ഈടാക്കാതെ അക്വാബ്രീസ് എന്ന കെട്ടിടത്തിന് കംപ്ലീഷൻ നൽകരുതെന്ന് 7 മെമ്പർമാർ ആവശ്യപ്പെട്ടെങ്കിലും 01.12.2014 ലെ 7ാം നമ്പർ തീരുമാനപ്രകാരം കമ്മിറ്റി അംഗീകരിക്കുകയാണുണ്ടായത്.
27.03.2011 ലും 25.05.2012 ലും പഞ്ചായത്തിന്റെ അഭിഭാഷകർ നൽകിയ നിയമോപദേശ പ്രകാരം 16.10.2012 ൽ RR/202/7531/07 പ്രകാരം 1621000/-രൂപയ്ക്ക് 23.11.2007 മുതലുള്ള 18% പലിശയടക്കം 4375974/- രൂപ അടയ്ക്കാൻ വീണ്ടും പഞ്ചായത്ത് ആവശ്യപ്പെട്ടെങ്കിലും തുടർനടപടികൾ ഉണ്ടായില്ല.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 1999 പ്രകാരം 69 സെന്റ് സ്ഥലത്ത് പരമാവധി 8375.225 ചതുരശ്ര മീറ്റർ ആണ് അനുവദനീയമായ വിസ്തീർണ്ണം എന്നിരിക്കെ അബാദ് ബിൽഡേഴ്സ് ടി സ്ഥലത്ത് 999.625 ചതുരശ്ര മീറ്റർ നിർമ്മാണം നടത്തിയിട്ടുണ്ട്. കൂടുതലായ 1620.4 ചതുരശ്ര മീറ്ററിന് 1000/- രൂപ നിരക്കിൽ 1621000/- FAR വയലേഷൻ പ്രകാരം ആവശ്യപ്പെട്ടത് തികച്ചും ന്യായമാണ്.പഞ്ചായത്തിന് ന്യായമായും ലഭിക്കേണ്ട തുക, യാതൊരു സർക്കാർ ഉത്തരവുകളുടേയും പിൻബലമില്ലാതെ അടക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. ഇതേ ബിൽഡർ, ഇതേ പഞ്ചായത്തിൽ മറ്റൊരു പാർപ്പിട സമുച്ചയം പണിത് കംപ്ലീഷൻ സർട്ടിഫിക്കറ്റ് വാങ്ങിയി- ട്ടുണ്ട്.നിരവധി വൻകിട നിർമ്മാതാക്കൾ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിവച്ചിട്ടുള്ള പഞ്ചായത്തിൽ ഒരു വൻകിട ബിസിനസ്സുകാരിൽ നിന്ന്, വരുമാനം കുറഞ്ഞ പഞ്ചായത്തിന് ലഭിക്കേണ്ട തനത് വരുമാനം ഈ വിധത്തിൽ നഷ്ടമാകുന്നത് ഒഴിവാക്കപ്പെടേണ്ടതാണ്. പഞ്ചായത്തിന് ലഭിക്കേണ്ടതായ നിയമാനുസൃത ഫീസ് ഈടാക്കുന്നതിനും, തുടർ നടപടി - കൾക്കുമായി പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിരശ്രദ്ധ പതിയേണ്ടതാണ്.

## 2-5 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 204 (1) (i) വകുപ്പ് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഓഡിറ്റ് വർഷത്തിൽ ഈടാക്കിയിട്ടില്ല. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | 2015-16 | | |
|---|---|---|---|---|
| | | ഒന്നാം അർദ്ധ വർഷം | രണ്ടാം അർദ്ധ വർഷം | ആകെ |
| 1 | റെറ്റ്ന ഫിനാൻസിയേഴ്സ് | 600 | 600 | 1200 |
| 2 | കാനറ ബാങ്ക് ചുണങ്ങംവേലി | 1250 | 1250 | 2500 |
| 3 | സിവിൽ സപ്ലൈസ് ഡിപ്പോ | - | 1250 | 1250 |

| | | | | |
|---|---|---|---|---|
| 4 | കുട്ടമശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് | - | 1250 | 1250 |
| | | | ആകെ | 6200/- |

മേൽ തുക ഈടാക്കി പഞ്ചായത്തിൽ വരവ് വെയ്ക്കേണ്ടതാണ്.

2.സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 204 (1) (i) വകുപ്പ് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | പുരുഷോത്തം<br>പാക്കേജിംഗ്,<br>അശോകപുരം |
| 2 | ഹൈടെക് അപ്ലയൻസസ്(P) Ltd<br>ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയ,<br>4ാം മൈൽ, കീഴ്മാട് |
| 3 | ഗ്രീൻവാലി സ്പെസിഫൈഡ് റബ്ബർ((P) Ltd<br>ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയ,<br>4ാം മൈൽ, കീഴ്മാട് |

മേൽ പറഞ്ഞ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

3. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 204(1) (ii) പ്രകാരം ന്യൂ ഈറ ക്ലിനിക് കുട്ടമശ്ശേരി, തോട്ടുമുഖം പി ഒ എന്ന സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 1550 രൂപ വീതം ഓരോ അർദ്ധവർഷത്തിലും 3100/- രൂപ 2014-15 ൽ ഈടാക്കിയിട്ടുണ്ട്. എന്നാൽ 2015-16 ൽ ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി തിട്ടപ്പെടുത്തി ഈടാക്കേണ്ടതാണ്.

## 2-6 പരസ്യ നികുതി ലേലതുക- അപാകത

2015-16 പരസ്യ നികുതി ലേലതുകയായ 46800/-രൂപക്ക് പകരം 45800/- രൂപ മാത്രമാണ് പരസ്യ നികുതി ഇനത്തിൽ അക്കൗണ്ട് ചെയ്തത് . ടി തുക ലേലക്കാരനായ ശ്രീ. സുജിത് കുമാർ എം എൻ, മാടശ്ശേരി ഹൗസ്, മഞ്ഞൂർ പി ഒ എന്നയാൾ സാംഖ്യ രസീതി നം.11401111649 തീയതി 20.03.2015 പ്രകാരം അടച്ച തുകയാണ്. ടിയാൻ EMD തുകയായി അടച്ച രസീതി നം. 11401111258 തീയതി 12.03.15 പ്രകാരം അടച്ച 1000/- രൂപ കൂടി പരസ്യ നികുതി ഇനത്തിലേക്ക് അഡ്ജസ്റ്റ് ചെയ്യാൻ ടിയാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും നാളിതു വരെ ടി തുക പരസ്യ നികുതി ഇനത്തിലേക്ക് അഡ്ജസ്റ്റ് ചെയ്തിട്ടില്ല. ആയതുപ്രകാരം ഡിമാന്റ് ആയും കളക്ഷൻ ആയും 45800/-മാത്രം ബുക്ക് ചെയ്തതിട്ടുള്ളു. ഡെപ്പോസിറ്റ് രജിസ്റ്ററിൽ ടി 1000/- രൂപ ഒഴിവാക്കി ആയത് പരസ്യനികുതി ഡിമാന്റ് രജിസ്റ്ററിൽ വരവിൽ അഡ്ജസ്റ്റ് ചെയ്തില്ലെങ്കിൽ, ഇനിയും

പരസ്യനികുതി വരവിൽ 1000/- രൂപ പിരിക്കാൻ ബാക്കിയുണ്ടെന്ന തെറ്റായ കണക്ക് വരും എന്നത് കൂടാതെ, ടികരാറുകാരന് EMD തിരികെ നൽകി പഞ്ചായത്ത് ഫണ്ടിൽ 1000/- രൂപ നഷ്ടം വരാനും സാദ്ധ്യതയുണ്ട്. ആയതിനാൽ ഈ അപാകത 2016-17 അക്കൗണ്ട്സിലും, രജിസ്റ്ററുകളിലും മാറ്റം വരുത്തി ക്രമപ്പെടുത്തേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 വീട് പുനരുദ്ധാരണം - 12020/- രൂപ വാല്യുവേഷനിലും അധികം നൽകി

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നടപ്പാക്കിയ പ്രൊജക്ട് നം.189/16 വീട് പുനരുദ്ധാരണം എന്ന പ്രോജക്ടിൽ 14,25,000/- രൂപ മൊത്തം അടങ്കൽ വകയിരുത്തിയതിൽ, 55 ഗുണഭോക്താക്കൾക്ക് 25000/- രൂപ വീതം 13,75,000/- ചെലവഴിച്ചു. മേൽ പ്രോജക്ടിൽ ചിന്ന ജോസ്, പള്ളിപ്പറമ്പിൽ, എരുമത്തല പി ഒ, നാലാം മൈൽ എന്ന ഗുണഭോക്താവിന് താഴെ കാണും പ്രകാരം വാല്യുവേഷനിലും അധികം തുക നൽകി.

| പേര് | വാല്യുവേഷൻ | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|
| ചിന്ന ജോസ് | 12980 | 12500/-രൂപ, (ഡി ഡി നം. 439244/29.10.15 ) 12500/-രൂപ (ഡി ഡി നം. 445062/13.01.16) ആകെ 25,000/- | 12020 |

മേൽ പ്രോക്ടിന് വാല്യുവേഷനിലും അധികം തുക നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ 12020/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്

### 3-2 മരുന്ന് ലഭ്യമാക്കിയില്ല- ചെലവ് തടസ്സപ്പെടുത്തുന്നു

കീഴ്മാട് ഗ്രാമപഞ്ചായത്തിൽ ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥ-നായി നിർവ്വഹിച്ച ആശുപത്രിയിലേയ്ക്ക് മരുന്ന വാങ്ങൽ പ്രോജക്ട് സംബന്ധിച്ച വിശദവിവരം താഴെക്കൊടുക്കുന്നു.

പ്രോജക്ട് നം. - 200/16
അടങ്കൽ - 100000/-
ചെലവ് - 100000/-
വിഭാഗം - ജനറൽ

ആശുപത്രിയിലേയ്ക്ക് മരുന്ന് വാങ്ങാൻ 100000/-രൂപ ഡയറക്ടർ,കേരളസ്റ്റേറ്റ് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് കൈമാറിയെങ്കിലും (ഡി.ഡി.നം.683059 തീയ്യതി24/02/2016) മരുന്നുകൾ ലഭ്യമായിട്ടില്ല. നാളിതുവരെ മരുന്ന് ആശുപത്രിയിൽ ലഭ്യമാകാത്തതിനാൽ ചെലവ്

തുക 100000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്ന് അടിയന്തിരമായി ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് -2 ലക്ഷം രൂപ അക്കൗണ്ടിൽ അവശേഷിക്കുന്നു

പ്രോജക്റ്റ് നം.194/16

പ്രോജക്റ്റിന്റെ പേര് - കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്

അടങ്കൽ - 200000/-

ചെലവ് - 20000/-

ബിൽ നം. 20/ 15-16 തീയതി 09.03.16

വി ഇ ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കുടുംബശ്രീ യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പ്രോജക്റ്റ് പ്രകാരം കുടുംബശ്രീ സി ഡി എസ് ചെയർപേഴ്സന്റെ അക്കൗണ്ടിലേക്ക് (A/c No.2176862742)10.03.2016 ൽ 2 ലക്ഷം രൂപ വരവ് വന്നിട്ടുണ്ട്. പ്രോജക്റ്റ് അനുസരിച്ച് പഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്യേണ്ട തുക നാളിതു വരെ വിതരണം ചെയ്തിട്ടില്ല. കുടുംബശ്രീ റിവോൾവിംഗ് ഫണ്ട് കുടുംബശ്രീ മെമ്പർ സെക്രട്ടറി മുഖേന കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതാണ്.

## 3-4 പകരം ജീവനക്കാരിക്ക് നൽകിയ വേതനം 1800/- രൂ. നിരാകരിക്കുന്നു

പഞ്ചായത്തിലെ ഫുൾ ടൈം സ്വീപ്പർ അവധിയിലായിരുന്ന ദിവസങ്ങളിൽ ദിവസ വേതനാടിസ്ഥാനത്തിൽ പകരം ജീവനക്കാരിയെ നിയമിച്ച് തനത് ഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം വേതനം നൽകി.

| ജീവനക്കാരിയുടെ പേര് | ജോലി ചെയ്ത ദിവസം | നൽകിയ വേതനം | വൗച്ചർ നം. | തീയതി |
|---|---|---|---|---|
| ശ്രീമതി. ഓമന | 6 | 6x300 = 1800/-രൂപ | 484/15-16 | 05.10.2015 |

ഇത് സംബന്ധിച്ച് 10.11.2016 ൽ നൽകിയ 15 ാം നം. ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഫുൾ ടൈം സ്വീപ്പർ സുഖമില്ലാതെ അർദ്ധവേതന അവധിയിലായിരുന്നതിനാലാണ് പകരം ജോലിക്കാരിയെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ചതെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഫുൾ ടൈം സ്വീപ്പർ അർദ്ധവേതന അവധി എടുത്തിരുന്നെങ്കിലും പകരം ജോലിക്കാരിയുടെ ഹാജർ രേഖപ്പെടുത്തിയിരുന്ന സെപ്റ്റംബർ 2,7,8,9,10,11 തീയതികളിൽ ഫുൾ ടൈം സ്വീപ്പർ കാഷ്വൽ അവധിയിലായിരുന്നതായി ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. സ്ഥിരം ജീവനക്കാരി കാഷ്വൽ അവധിയിലായിരുന്ന ഒഴിവിൽ ദിവസവേതനത്തിന് പകരം ആളെ നിയമിച്ച് തനത് ഫണ്ടിൽ നിന്നും വേതനം നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

നല്കിയ വേതനം 1800/- രൂപ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 വാഹന വാടക നൽകിയത് - ആദായ നികുതി 1400/- രൂപ സ്രോതസ്സിൽ നിന്ന് ഈടാക്കിയില്ല

കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ പെയിൻ ആൻറ് പാലിയേറ്റീവ് കെയർ യൂണിറ്റ് മെഡിക്കൽ ടീമിന് വാഹനം ദിവസവാടകക്ക് എടുത്തത് തോമസ് പി പി, പുതുശ്ശേരി ഹൗസ്, ചൂണ്ടി, എരുമത്തല പി ഒ എന്നയാളുടെ KL 41 E 5841 നമ്പർ വാഹനമാണ്. വാഹനം ഓടിക്കുന്ന ദിവസങ്ങളിൽ പ്രതി ദിനം 1000/- രൂപ നിരക്കിലാണ് വാഹന വാടക നിശ്ചയിച്ചിരിക്കുന്നത്. 2015-16 വർഷത്തിൽ ടിയാൾക്ക് വാഹന വാടക ഇനത്തിൽ 140000/- രൂപ നൽകിയിട്ടിട്ടുണ്ട്. ആദായ നികുതി ആക്ട് സെക്ഷൻ 194 സി അനുസരിച്ച് പ്രതി വർഷം 75000/- രൂപയിൽ അധികം വരുന്ന ബില്ലുകളിൽ നിന്നും 1% IT സ്രോതസ്സിൽ നിന്നും ഈടാക്കേണ്ടതാണ്. നൽകിയ വാഹന വാടകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| മാസം | വൗച്ചർ നം. | തീയതി | നൽകിയ നിരക്ക് | പ്രോജക്ട് നം. |
|---|---|---|---|---|
| 04/2015 | 15/15-16 | 18.06.2015 | 12000/- | SO 42/16 |
| 05/2015 | 33/15-16 | 18.06.2015 | 10000/- | |
| 06/2015 | 02/15-16 | 22.08.2015 | 12000/- | 04/16 |
| 07/2015 | 18/15-16 | 22.08.2015 | 12000/- | |
| 08/2015 | 33/15-16 | 10.09.2015 | 12000/- | |
| 09/2015 | 48/15-16 | 19.10.2015 | 12000/- | |
| 10/2015 | 63/15-16 | 04.11.2015 | 12000/- | |
| 11/2015 | 80/15-16 | 07/12/2015 | 12000/- | |
| 12/2015 | 98/15-16 | 04.01.2016 | 12000/- | |
| 01/2016 | 113/15-16 | 25.02.2016 | 10000/- | |
| 02/2016 | 116/15-16 | 26.03.2016 | 12000/- | |
| 03/2016 | 153/15-16 | 26.03.2016 | 12000/- | |
| ആകെ | | | 140000/- | |

വാഹന വാടകയിനത്തിൽ നൽകിയ 140000/- രൂപയുടെ 1% ആയ 1400/-രൂപ ആദായ നികുതി ഈടാക്കി ആദായ നികുതി വകുപ്പിൽ അടവാക്കേണ്ടതാണ്.

## 3-6 വൈദ്യുതി ബില്ലിൽ തെറ്റായ താരിഫ് നിർണ്ണയം

കീഴ്മാട് ഗ്രാമ പഞ്ചായത്തിലെ എസ് സി / എസ് ടി ട്രെയ്നിംഗ് സെന്ററിന്റെ (കൺസ്യൂമർ നം.1155671022032) വൈദ്യുതി താരിഫ് നിലവിലെ ബിൽ അനുസരിച്ച് LT 6 F ആണ്. എന്നാൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ OP No.9/14 തീയതി 14.08.2014 ലെ താരിഫ് പ്രകാരം സർക്കാർ കെട്ടിടങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അവയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്ക് LT 6 B താരിഫാണ് ബാധകം. LT VI F എന്നത് സ്വകാര്യ ആശുപത്രികൾ, സ്വകാര്യ ക്ലിനിക്കുകൾ, ലബോറട്ടറികൾ എന്നിവയ്ക്ക് ബാധകമായ താരിഫ് ആണ്. നിലവിൽ ശരാശരി ഉപഭോഗം 2 യൂണിറ്റ് മാത്രം ആയതിനാൽ വൈദ്യുതി ബിൽ

ചെറിയ തുക ആണെങ്കിലും ഭാവിയിൽ ഉപഭോഗം വർദ്ധിച്ചാൽ ഉയർന്ന നിരക്കിലുള്ള വൈദ്യുതി ചാർജ്ജ് പഞ്ചായത്ത് അടയ്ക്കേണ്ടതായി വരും. തെറ്റായ താരിഫ് നിർണ്ണയം കെ എസ് ഇ ബി യെ അറിയിച്ച് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ

2015-16 ൽ അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ 18 പ്രോജക്ടുകളിൽ 6 സ്പിൽ ഓവർ പദ്ധതികളും, 12 പുതിയ പദ്ധതികളുമുണ്ടായിരുന്നു. ഇതിൽ TSP വിഹിതമുപയോഗിച്ച് ചെയ്യുന്ന പ്രോജക്ടുകൾ അടക്കം 08 പ്രോജക്ടുകൾ നടപ്പിലായിട്ടില്ല. ആകെ അടങ്കൽ 68,41,586/-രൂപയിൽ 14,64,000 രൂപ ( 21.39%) മാത്രമാണ് ചെലവഴിച്ചത്. 3 പ്രോജക്ടുകളുടെ ചെലവ് 10% ൽ താഴെ മാത്രമാണ്. ആശ്രയ മാസ്റ്റർ പ്ലാൻ പ്രകാരം 2643 പട്ടികജാതിക്കാരും, 6 പട്ടികവർഗ്ഗ കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. ഇതിൽ ഭൂരഹിതരായ 10 കുടുംബങ്ങളും, ഭവന നിർമ്മാണ ധനസഹായത്തിന് അർഹതയുള്ള 12 കുടുംബങ്ങളും, കുടിവെള്ളം ലഭ്യമാക്കേണ്ട 13 കുടുംബങ്ങളുമുണ്ട്. മുൻഗണന ലഭിക്കേണ്ട ആശ്രയ കുടുംബങ്ങൾ ഉണ്ടായിട്ടും SCP/TSP ഫണ്ട് വിനിയോഗത്തിലെ കുറഞ്ഞ ശതമാനത്തിന് കാരണം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.-1-ന് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താക്കൾ മുന്നോട്ട് വരാത്തതുകൊണ്ടും, ഇലക്ഷൻ പോലുള്ള സാഹചര്യങ്ങൾ ഉണ്ടായതുകൊണ്ടുമാണ് ചെലവ് കുറഞ്ഞത് എന്നാണ് പറയുന്നത്.

ഗ്രാമസഭ-ഊരുകൂട്ടം എന്നിവയിൽ നിന്ന് ഉയർന്നുവരുന്ന നിർദ്ദേശങ്ങളും, പ്രാദേശികമായ ആവശ്യങ്ങൾ പരിഗണിച്ചുകൊണ്ടും പദ്ധതികൾ ആവിഷ്കരിച്ചാൽ ഗുണഭോക്താക്കൾക്ക് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാൻ കഴിയും. എസ്.സി.പി- ടി.എസ്.പി ഫണ്ടുകൾ ചെലവാകാതെ പാഴാകുന്നത് ഒഴിവാക്കേണ്ടതാണ്.

## 3-8 എസ് സി ഭവന സമുച്ചയം - പാതി വഴിയിൽ ഉപേക്ഷിച്ചു

പ്രോജക്ടിന്റെ പേര് : വനിതകൾക്കായുള്ള ഭവനസമുച്ചയം

പ്രോജക്ട് നമ്പർ : SO 182/13, SO 127/14, SO 185/14

പ്രോജക്ട് കോസ്റ്റ് : വികസന ഫണ്ട് : 20,68,821/-

ജില്ലാ പഞ്ചായത്ത് വിഹിതം : 19,50,000/-

ആകെ : 40,18,821/-

ആകെ ചെലവ് : 39,67,821/-

ഭൂരഹിതരും, ഭവനരഹിതരുമായ നിരാശ്രയരായ വനിതകൾ കുടുംബനാഥകളായുള്ള എസ് സി കുടുംബങ്ങളെ പുനരധിവസിപ്പിക്കാനായി 2012-13, 2013-14 വർഷങ്ങളിലായി SO 182/13,SO 127/14, SO 185/14 നമ്പറുകളിലായി “വനിതകൾക്കായുള്ള ഭവനസമുച്ചയം” എന്ന പദ്ധതിയിൽ ആകെ അടങ്കൽ 40,18,821/- രൂപയും, ആകെ ചെലവ് 39,67,821/- രൂപയുമാണ്. ഇതിൽ 19,50,000/- ജില്ലാ പഞ്ചായത്ത് വിഹിതമാണ്. 3 നിലകളിലായി 600 സ്ക്വയർ ഫീറ്റ് വീതമുള്ള 9 യൂണിറ്റുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. പാർപ്പിടസമുച്ചയം ഭാഗികമായി മാത്രമാണ്

പണിതിട്ടുള്ളത്.

പദ്ധതി മാർഗ്ഗരേഖ ജി ഒ(എം എസ്) 362/13 എൽ എസ് ജി ഡി തീയതി 16.11.13 പ്രകാരം ഒരു വീടിന് 3,25,000/- രൂപ വീതം 29,25,000/- രൂപയാണ് 9 വീടുകൾക്ക് വകയിരുത്താവുന്നത്.

എന്നാൽ ഇതിനകം 39,67,821/-രൂപ ചെലവാക്കിയിട്ടും ഭാഗികമായി മാത്രമാണ് കെട്ടിടം പണിതത്. കോൺക്രീറ്റ് ബീമുകൾ, പില്ലറുകൾ, സ്റ്റെയർകേസ്, സ്റ്റെയർകേസ്സ് റൂമിനായുള്ള ഹോളോബ്രിക്സ് ഭിത്തികൾ എന്നിവയാണ് ഇതുവരെ ചെയ്ത പ്രവൃത്തികൾ - ഭിത്തി നിർമ്മാണം, പ്ളാസ്റ്ററിംഗ്, ഇലക്ട്രിക് , പ്ലംബിംഗ് വർക്കുകൾ, വാട്ടർ ടാങ്ക്, കോമ്പൗണ്ട് വാൾ, വാട്ടർ, ഇലക്ട്രിക് കണക്ഷനുകൾ എന്നിവ ഇനിയും ചെയ്യാനുണ്ട്. പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറുന്നതിനായി 50,00,000/-(50 ലക്ഷം) രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

ഓഡിറ്റ് ടീം നടത്തിയ സ്ഥലപരിശോധനയിൽ കുണ്ടും കുഴിയും നിറഞ്ഞ, കെട്ടിട നിർമ്മാണ യോഗ്യമല്ലാത്ത ഒരു സ്ഥലത്താണ് നിർമ്മാണ പ്രവൃത്തി നടത്തിയിരിക്കുന്നതെന്ന് കണ്ടു. കെട്ടിട നിർമ്മാണം പൂർത്തിയായാൽ തന്നെ കെട്ടിടത്തിന് ചുറ്റുമുള്ള സ്ഥലം സമീപ പുരയിടത്തിന്റെ നിരപ്പിൽ മണ്ണിട്ട് ഉയർത്താനും, നിരപ്പാക്കാനുമായി ഭീമമായ തുക ചെലവഴിക്കേണ്ടി വരും. 15-16 വർഷത്തിൽ പ്രോജക്ട് നം. 52/16 പ്രകാരം 30,00,000/- രൂപ മാറ്റി വച്ചിരുന്നെങ്കിലും പ്രവൃത്തികൾ നടത്തിയിട്ടില്ല. അപൂർണ്ണമായ കെട്ടിടം ഒരു വർഷം കൂടി ഇതേ അവസ്ഥയിൽ തുടർന്നാൽ തുടർ നിർമ്മാണത്തിനു പറ്റാത്ത വിധത്തിലാകും. പരിസരം ഇപ്പോൾ കാട്ടു പിടിച്ച അവസ്ഥയിലാണ്.

31,263,21/- രൂപയ്ക്ക് 13-14 ൽ അംഗീകാരം വാങ്ങിയ പ്രോജക്ടിന് 10,42,821/- രൂപ അധിക ചെലവ് വന്നിട്ടുണ്ട്. ഇതിന്റെ സാധൂകരണത്തിനായി പഞ്ചായത്ത് സർക്കാരിനെ സമീപിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പദ്ധതിവിഹിതം ഉപയോഗിച്ച് കെട്ടിടനിർമ്മാണം പൂർത്തിയാക്കി വാസയോഗ്യമാക്കി ഗുണഭോക്താക്കൾക്ക് കൈമാറേണ്ടതാണ്. ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തേണ്ടതാണ്.

തികച്ചും ഗ്രാമീണമായ ചുറ്റുപാടിൽ ജീവിച്ച താഴെ തട്ടിലുള്ള ഒരു ജനവിഭാഗത്തിന് ഒരു പാർപ്പിട സമുച്ചയത്തിലേക്കുള്ള പറിച്ചു നടൽ എത്രമാത്രം ഉൾക്കൊള്ളാൻ കഴിയും എന്നതിനെക്കുറിച്ച് വിലയിരുത്താതെയാണ് പഞ്ചായത്ത് പ്രോജക്ട് വിഭാവനം ചെയ്തിരിക്കുന്നത്.39,67,821/- രൂപ ഇതിനോടകം ചെലവഴിച്ചെങ്കിലും ഇനിയും 50 ലക്ഷം രൂപ വേണമെന്നതാണ് അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട്. ഏകദേശം 90,00,000/- ചെലവ് വന്നാൽ ഒരു യൂണിറ്റിന് 10 ലക്ഷം രൂപ സ്ഥല വില കൂടാതെ ചെലവ് വരുന്നുണ്ട്. പഞ്ചായത്തിന് വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തുമെങ്കിലും കാലതാമസം കൂടാതെ ഈ പ്രോജക്ട് പൂർത്തിയാക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 3-9 വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമായിട്ടില്ല-ചെലവ് തടസ്സപ്പെടുത്തുന്നു- 13,05,233/-രൂ.

2015-16 വർഷത്തിൽ വിവിധ പദ്ധതികൾക്കായി കെ.എസ്.ഇ.ബി, വാട്ടർ അതോറിട്ടി,, കോസ്റ്റ്ഫോർഡ് എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്ര-

ങ്ങൾ ലഭ്യമാക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര് | നിക്ഷേപിച്ച സ്ഥാപനം | ട്രഷറി ബിൽ നം.- തീയതി | നിക്ഷേപിച്ച തുക | ഡി.ഡിനമ്പർ- തീയതി |
|---|---|---|---|---|---|
| 1 | വൈദ്യുത പോസ്റ്റ്/ ലൈൻ മാറ്റിസ്ഥാപിക്കൽ എസ് 0116/16 | അസി.എൻജിനീയർ കെ.എസ് ഇ.ബി വാഴക്കുളം | | 89,338<br>5100<br>4795<br>99,233/- | 3509024/ 3/3/2016<br>350909/ 16.2.16<br>3509021/ 3.3.16 |
| 2 | വിവിധ വാർഡിൽ പൈപ്പ് ലൈൻസ്ഥാപിക്കൽ എസ് 0118/16 | അസി.എക്സി,എൻജിനീയര് പി.എച്ച് .ഡിവിഷൻ വാട്ടർ അതോറിട്ടി ആലുവ | | 2,00,000/-<br>6000/-<br>206000/- | 3509022/ 03.03.2016<br>3509023/ 03.03.2016 |
| 3 | പൊതുശ്മശാനം നിർമ്മാണം എസ്058/16 | കോസ്റ്റ്ഫോർഡ് അയ്യന്തോൾ,തൃശ്ശൂർ | | 10,00,000 | 443416/ 29.9.15 |
| | | ആകെ | | 13,05,233 | |

## 3-10 പഞ്ചായത്തിന്റെ സ്റ്റേഡിയം ഗ്രൗണ്ട് - പരിപാലനത്തിലെ അലംഭാവം

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പഞ്ചായത്ത് ഗ്രൗണ്ട് കായിക വിനോദങ്ങൾക്കായി ഒരുക്കൽ |
| പ്രൊ.നമ്പർ | എസ് 0148/15,എസ്.0053/16 |
| അടങ്കൽ തുക | 2,58,800/- |
| കോൺട്രാക്ടറുടെ പേര് | ശ്രീ.കെ.കെ നാസർ |
| എഗ്രിമെന്റ് നമ്പർ- തീയതി | 37/AEE/LSGD/kzmd/14-15 19.12.14 |
| എഗ്രിമെന്റ് തുക | 2,58,800/- |
| എം- നമ്പർ | 40/KZMD/14-15 |

| | |
|---|---|
| കരാറുകാരന് നല്കിയ ചെലവ് തുക | 1,55,686/- (DD.No.438122/ 24.8.15) |

പഞ്ചായത്തിന്റെ സ്റ്റേഡിയം ഗ്രൗണ്ട് കായികവിനോദങ്ങൾക്കായി സജ്ജമാക്കുന്നതിനായി 2014-15 -ൽ അംഗീകാരം വാങ്ങി ടെൻഡർ ചെയ്ത ഈ പ്രൊജക്ടിൽ ഗ്രൗണ്ടിന് ചുറ്റുമുള്ള കാട് വെട്ടിത്തെളിച്ച് രണ്ട് ഫുട്ബോൾ ഗോൾപോസ്റ്റുകളും, ഗ്രൗണ്ടിന്റെ ഒരു സൈഡ് 41മീറ്റർ നീളത്തിൽ സംരക്ഷണഭിത്തി കെട്ടുകയും ചെയ്യുക എന്നതായിരുന്നു ലക്ഷ്യം. 2015-16-ൽ സ്പിൽഓവറായി പൂർത്തീകരിച്ച പദ്ധതിയിൽ 5860 എം2 കാടുവെട്ടിത്തെളിച്ചതിന് 867/100എം നിരക്കിൽ 50,806/- രൂപയും, ഗ്രൗണ്ടിൽ സ്ഥാപിച്ച രണ്ട് ഗോൾപോസ്റ്റുകളിൽ High Density Poly Ethilene(HDPE) മെഷ് നെറ്റ് വിരിച്ചതിന് 35 എം2-ന് 666/എം2 നിരക്കിൽ 23310/- രൂപയും ഉൾപ്പെടെ ആകെ 172985/- പ്രവൃത്തിമൂല്യം വന്നു.

അളവുപുസ്തകപ്രകാരം 07/2015-ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിചെയ്ത ഗ്രൗണ്ടിൽ ഓഡിറ്റ് വേളയിൽ നേരിൽ പരിശോധിച്ചപ്പോൾ ഗ്രൗണ്ടിന് ചുറ്റും വലിയതോതിൽ കാടുപിടിച്ച് ഗോൾപോസ്റ്റുനെറ്റുകൾ വരെ ഉപയോഗ്യശൂന്യമായി കിടക്കുന്നതാണ് കണ്ടത്. 50,000/- രൂപയോളം ചെലവഴിച്ച് വൃത്തിയാക്കിയ ഗ്രൗണ്ടും, 23310/- രൂപയോളം വിലനല്കി വാങ്ങിയതെന്നും കാണുന്ന നെറ്റും ഉപയോഗപ്പെടുത്താതെ നഷ്ടപ്പെടുത്തിയത് പൊതുപണത്തിന്റെ ദുരുപയോഗവും, പദ്ധതി നിർവ്വഹണത്തിലെ വീഴ്ചയുമാണെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. ചുററുപാടും കാടുപിടിച്ച് ഉപയോഗശൂന്യമായി കിടക്കുന്ന പഞ്ചായത്തിന്റെ ഈ സ്ഥലം വ്യക്തമായ അതിരുകൾ തിരിക്കാതെയും, പഞ്ചായത്തിന്റെ ആസ്തിയാണെന്ന് സൂചിപ്പിക്കുന്ന ഒരു ബോർഡ് പോലും സ്ഥാപിക്കാതെ കിടക്കുന്നതുമൂലം ഭാവിയിൽ കൈയ്യേറ്റങ്ങൾക്ക് വിധേയമായി അന്യാധീനപ്പെട്ടുപോകാനുള്ള സാധ്യതയും ഉള്ളതിനാൽ ഈ ഗ്രൗണ്ടിന്റെ സംരക്ഷണത്തിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് പഞ്ചായത്ത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-11 ഗുണഭോക്തൃസമിതികൾ വഴി മരാമത്ത് പ്രവൃത്തികൾ- അപാകതകൾ

കീഴ്മാട് ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും ഗുണഭോക്തൃസമിതി വഴി ചെയ്യുന്ന പ്രവൃത്തികളാണ്. പ്രാദേശികവികസനത്തിൽ പ്രദേശവാസികളുടെ പങ്കാളിത്തം, ഉറപ്പാക്കാനും, അധിക വിഭവ സമാഹരണവും, സോഷ്യൽ മോണിറ്ററിങ്ങും, കാര്യക്ഷമമാക്കാനുമാണ് മരാമത്ത് പ്രവത്തികൾ ഗുണഭോക്തൃസമിതികൾ വഴി ചെയ്യുന്നത്.

1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ, ഗുണഭോക്തൃസമിതി രൂപീകരണം സംബന്ധിച്ച് കാലാകാലങ്ങളിൽ ഇറങ്ങിയിട്ടുള്ള ഉത്തരവുകൾ, എന്നിവയിലൂടെ എപ്രകാരമാണ് ഗുണഭോക്തൃസമിതികൾ വഴി മരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് എന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, കീഴ്മാട് ഗ്രാമപഞ്ചായത്തിൽ, ഈ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നുണ്ടെന്ന് പറയാനാവില്ല.

2015-16 വർഷത്തിൽ, ആകെ ചെയ്ത 78 മരാമത്ത് പ്രവൃത്തികളിൽ 63 എണ്ണവും ഗുണഭോക്തൃസമിതിവഴി ചെയ്തതാണ്. കോൺക്രീറ്റ് റോഡുകൾ, കാനനിർമ്മാണം, റോഡ് ടാറിംഗ്,

റീടാറിംഗ്, റീടെയിനിംഗ് വാൾ, കെട്ടിടനിർമ്മാണങ്ങൾ എന്നിവയാണ് തൻവർഷവും, സ്പിൽഓവറുമായി പ്രധാനമായി ഈ കാലയളവിൽ ചെയ്തിട്ടുള്ളത്.

<u>അവയുടെ നിർവ്വഹണത്തിൽ കണ്ട പ്രധാന അപാകതകൾ താഴെപ്പറയുന്നു.</u>

1. 1997-ലെ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ, ചട്ടം, 13-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം, സമിതി രൂപീകരണം, പ്രവർത്തനം, സമിതി സൂക്ഷിക്കേണ്ടുന്ന രേഖകൾ എന്നിവ കൃത്യമായി പാലിക്കുന്നില്ല.

2. ഗുണഭോക്തൃസമിതി, കരാർ വെയ്ക്കുന്നുണ്ടെങ്കിലും, അത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. സമിതി അംഗങ്ങൾ എല്ലാവരും കരാറിൽ ഒപ്പുവെയ്ക്കുന്നതായി കാണുന്നില്ല.

3. ഗുണഭോക്തൃസമിതി, കരാർ വെക്കേണ്ടത് പഞ്ചായത്തുമായിട്ടാണ്. എന്നാൽ, ഇവിടെ എല്ലാ കരാറുകളും, ഗുണഭോക്തൃസമിതി കൺവീനറും, അസി.എൻജിനീയറും, തമ്മിലാണ്.

4. കൺവീനറുടെയും, ചെയർമാന്റെയും, സംയുക്ത അക്കൗണ്ട് തുടങ്ങി വേണം പണമിടപാടുകൾ നടത്താൻ എന്ന നിർദ്ദേശവും കൃത്യമായി പാലിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കപ്പെട്ടതിനുശേഷം, ജോയിന്റ് അക്കൗണ്ട് ക്ലോസ് ചെയ്ത്, അക്കൗണ്ടിൽ ബാക്കി തുക ഉണ്ടെങ്കിൽ അത് പിൻവലിച്ച് പഞ്ചായത്തിൽ തിരിച്ചടയ്ക്കേണ്ടതുമാണ്.

5. പ്രവൃത്തിക്കാവശ്യമായ നിർമ്മാണസാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകളും, വിവരങ്ങളും രേഖപ്പെടുത്തിയതിലും, കൃത്യത പാലിച്ചിട്ടില്ല. അളവുപുസ്തകത്തിൽ രേഖപ്പെടുത്തിയ പ്രവൃത്തി ഇനം ചെയ്തതിന് ആവശ്യമായി വരുന്ന മെറ്റീരിയൽസിന്റെ അളവും, കൺവീനർ ഫയലിനൊപ്പം ഇട്ടിരിക്കുന്ന പർച്ചേയ്സ് ബില്ലുകളും തമ്മിൽ പൊരുത്തക്കേടുകളുണ്ട്. ടാറിംഗ്-റീടാറിംഗ് വേലകളിൽ ഫയലുകൾക്കൊപ്പം ഒറിജിനൽ ബിറ്റുമെൻ പർച്ചേയ്സ് ബില്ലുകൾക്കു പകരം ഒരു കൈപ്പറ്റുരസീത് മാത്രമേ കാണുന്നുള്ളൂ.

6. സാധനങ്ങൾ വാങ്ങുമ്പോൾ വ്യക്തികളിൽ നിന്നായാലും, സ്ഥാപനങ്ങളിൽ നിന്നായാലും സാധനങ്ങളുടെ നിരക്ക്, അളവ്, മൊത്തം വില, തീയതി എന്നിവ രേഖപ്പെടുത്തിയ ക്യാഷ് ബില്ല്, രസീത് എന്നിവ നിർബന്ധമായി ഉണ്ടായിരിക്കേണ്ടതാണ്, എന്ന വ്യവസ്ഥ പാലിക്കപ്പെടുന്നില്ല.

7. 'ടാറിംഗ്-റീടാറിംഗ്, പോലെ സാങ്കേതിക വൈഭവവും, യന്ത്രസാമഗ്രികൾ ആവശ്യമായി വരുന്ന വേലകൾ ഏറ്റെടുക്കേണ്ടിവരുമ്പോൾ, ഗുണഭോക്തൃസമിതികൾക്ക് നേരിടേണ്ടിവരുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ പ്രധാനമായും സ്റ്റോർസ് & പ്ലാന്റ്സിന്റെ സപ്ലൈ സംബന്ധിച്ചുള്ളതാണ്. ഇവിടെ ഗുണഭോക്തൃസമിതികൾക്ക് ബിറ്റുമെൻ വാങ്ങുന്നതിനുള്ള അലോട്ട്മെന്റ് അസി.എൻജിനീയർ കൺവീനർക്ക് നൽകുമ്പോൾ, ആവശ്യമായ അളവ് കണക്കാക്കി, തൊട്ടടുത്ത പൂർണ്ണസംഖ്യയാക്കി മാറ്റി സീൽഡ് ബാരൽ വാങ്ങാൻ ഇൻഡന്റ് കൊടുക്കുന്നു. ഇപ്രകാരം വാങ്ങുന്ന ബിറ്റുമെൻ ഉപയോഗം കഴിഞ്ഞ് ഒരു ബാരൽ താഴെ വരെ ബാക്കി വരുന്നുണ്ട്. ബാരൽ റെസിഡ്യുവൽ, പ്ലാന്റ് വെയ്സ്റ്റേജ് എന്നിവ കണക്കിലെടുത്താലും, ബാക്കി ബിറ്റുമെൻ കൺവീനർ എന്തു ചെയ്യുന്നു എന്ന് അളവുപുസ്തകത്തിൽ യാതൊരു രേഖപ്പെടുത്തലും കാണുന്നില്ല. കൺവീനർ എന്നത് ഒരു പ്രത്യേക പ്രദേശത്ത് പ്രവൃത്തി ചെയ്യാൻ തെരെഞ്ഞെടുക്കപ്പെടുന്ന ഒരു വ്യക്തി ആയതിനാൽ ഈ ബാക്കി ബിറ്റുമെൻ എന്തു ചെയ്യുമെന്നത് പരിഗണിക്കേണ്ട വസ്തുതയാണ്.

8. മസ്റ്റർ റോളുകളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തൊഴിലാളികൾ തീയതി വെച്ച് ഒപ്പിടണം എന്ന നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല അത്തരം മസ്റ്റർ റോളുകൾ അസാധുവായി പരിഗണിച്ച്, വൗച്ചറുകളായി കണക്കാക്കാൻ പാടില്ല എന്ന നിർദ്ദേശം കർശനമായി പാലിക്കണം.

9. നിലവിൽ 15,00,000/- രൂപ വരെ അടങ്കലുള്ള പ്രവൃത്തികൾ ഗുണഭോക്തൃസമിതികൾക്ക് ഏറ്റെടുക്കാമെങ്കിലും, 'ടാറിംഗ്-റീടാറിംഗ്', പോലെ സാങ്കേതിക വൈദഗ്ധ്യവും, യന്ത്രസാമഗ്രികൾ ആവശ്യമായി വരുന്ന വേലകളും, കെട്ടിടനിർമ്മാണങ്ങളും ഏറ്റെടുക്കേണ്ടി വരുമ്പോൾ, അതിനുള്ള ക്ഷമത പ്രസ്തുതഗുണഭോക്തൃസമിതികൾക്ക് ഉണ്ടോ എന്നത് നിർവ്വഹണഉദ്യോഗ- സ്ഥരും, ഗ്രാമ പഞ്ചായത്ത് സമിതിയും പ്രത്യേകം പരിഗണിക്കേണ്ടത് പ്രവൃത്തികൾ യഥാർത്ഥ ഗുണഭോക്തൃസമിതി തന്നെയാണ് ചെയ്യുന്നത് എന്ന് ഉറപ്പുവരുത്താനുതകും.

23.09.1997 -ന്റെ 216/97/LAD 12.11.1997 -ന്റെ 254/97/LAD നമ്പർ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള പൊതുമരാമത്ത് ചട്ടങ്ങളിലെ 15(5) വകുപ്പ് പ്രകാരം ബിനാമി ഇടപാട് ശിക്ഷാർഹമായ കുറ്റമാണ്. ബിനാമി ഇടപാട് ഉണ്ടാവുകയാണെങ്കിൽ ഗുണഭോക്തൃസമിതിയുമായി വെച്ചിട്ടുള്ള കരാർ റദ്ദാക്കപ്പെടുന്നതും, ഗുണഭോക്തൃസമിതിയുടെ നഷ്ടോത്തരവാദിത്വത്തിൽ മറ്റൊരു ഏജൻസി വഴി പ്രവൃത്തി പൂർത്തീകരിക്കപ്പെടുന്നതും, പഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗത്തിന് സമിതിയുടെ പേരിൽ ശിക്ഷാനടപടികൾ എടുക്കാവുന്നതുമാണ്.

ആയതിനാൽ, ഗുണഭോക്തൃസമിതി ഏറ്റെടുക്കുന്ന പ്രവൃത്തി പൂർണ്ണമായോ, ഭാഗികമായോ ഏതെങ്കിലും കരാറുകാരനെയോ, കരാറുകാരുടെ കമ്പനിയെയോ ഏൽപ്പിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-12 മരാമത്ത് പ്രവൃത്തികൾ- അവലോകനം

2015-16 വർഷം 98 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 78 പ്രൊജക്ടുകൾ ആണ് അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണം നടത്തിയത്. നടപ്പാക്കാത്ത 20 പ്രൊജക്ടുകളിൽ 4 എണ്ണം എസ്.സി.പി ഫണ്ട് ഉപയോഗിച്ചിട്ടുള്ളതും, 16 എണ്ണം ജനറൽ ഫണ്ട് ഉപയോഗിച്ചിട്ടുള്ളതും ആയിരുന്നു.

വിവിധ എസ്.സി കോളനികളിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന ഈ പ്രൊജക്ടുകളിൽ പലതിനും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തതിനാലും, ചില പദ്ധതി പ്രദേശങ്ങളിൽ പഞ്ചായത്ത് ചെയ്യാൻ ഉദ്ദേശിച്ചിരുന്ന പ്രവൃത്തികൾ മുൻകാലങ്ങളിൽ ജില്ലാ/ ബ്ലോക്ക് പഞ്ചായത്തുകൾ ചെയ്ത് പോയതുകൊണ്ടും ഈ പ്രൊജക്ടുകൾ ഉപേക്ഷിക്കേണ്ടിവന്നു. കോളനികളിലെ വ്യക്തിഗത ഗുണഭോക്താക്കൾക്കായി സൈഡ് വാൾകെട്ടൽ, മണ്ണ് സംരക്ഷണം തുടങ്ങിയ പ്രവൃത്തികൾ മുടങ്ങാൻ പ്രാദേശികപ്രശ്നങ്ങളും, ഗുണഭോക്താക്കൾ തയ്യാറാവാതെയിരുന്നതും കാരണമായി.

നടപ്പാക്കാതെ പോയ 16 ജനറൽ പദ്ധതികൾക്കും കാരണം ലക്ഷ്യമില്ലാത്ത ആസൂത്രണം തന്നെയാണ്. കനാലുകളുടെ സൈഡ് റോഡ് നിർമ്മാണത്തിന് ഇറിഗേഷൻ വകുപ്പിന്റെ അനുമതി (NOC) ലഭിക്കാത്തതും, കുഴൽക്കിണറുകളുടെ നിർമ്മാണത്തിന് ഗ്രൗണ്ട് വാട്ടർ അതോറിട്ടിയുടെ അനുമതി ഇല്ലാത്തതും പദ്ധതികളുടെ നിർവ്വഹണതടസ്സത്തിന് കാരണമായി.

## 3-13 ബിറ്റുമെന്റെ വിലയിൽ കോസ്ററ് ഇൻഡെക്സ് കൂടി

## കണക്കാക്കി-അധികനിരക്ക് നല്കി.

കീഴ്മാട് ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ റോഡ് പ്രവൃത്തികളിൽ സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 16.30.1.(Providing and Applying Tackcoat on W.B.M @0.75kg/sqm),16.32.2 (2cm premix carpet surfacing paving Asphalt grade VG-30), 16.41(Providing and Applying sealcoat -VG-30) ,MoRD Sl.No.506 (Construction of PenetrationMaccadem over prepared base VG-30)എന്നീ ഇനങ്ങളിൽ നിരക്ക് നല്കിയിരിക്കുന്നത് ബിറ്റുമെന്റെ വിലയിൽ കോസ്ററ് ഇൻഡെക്സ് കൂടി ഉൾപ്പെടുത്തി കണക്കാക്കിയാണ്.

ഉദാഹരണത്തിന് സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 16.30.1.(Providing and Applying Tackcoat on W.B.M @0.75kg/sqm) എന്ന ഇനത്തിന്റെ DSR നിരക്കിനോട് കോസ്റ്റ് ഇന്റക്സ് ചേർത്ത നിരക്കും, ഈ ഇനത്തിൽ ഗ്രാമപഞ്ചായത്ത് നൽകിയ നിരക്കും താഴെ ചേർക്കുന്നു.

| 16.30.1.(Providing and Applying Tackcoat on W.B.M @0.75kg/sqm) | DSR നിരക്ക് | | ഗ്രാമപഞ്ചായത്ത് നൽകിയ നിരക്ക് | |
|---|---|---|---|---|
| | With CPOH | without CPOH | with CPOH | without CPOH |
| 100sqmന് വാട്ടർ ചാർജ്ജ് ഉൾപ്പെടെയുള്ള നിരക്ക് | 3596.16 | 3596.16 | 3596.16 | 3596.16 |
| 1sqmന് വാട്ടർ ചാർജ്ജ് ഉൾപ്പെടെയുള്ള നിരക്ക് | 35.96 | 35.96 | 35.96 | 35.96 |
| കുറയ്ക്കുക - ബിറ്റുമെന്റെ വില | 27.29 | 27.29 | 0 | 0 |
| ആകെ | 8.67 | 8.67 | 35.96 | 35.96 |
| 1sqm ന്കോസ്റ്റ് ഇന്റക്സ് 1.3905 ചേർക്കുമ്പോൾ | 12.06 | 12.06 | 50.02 | 50.02 |
| കൂട്ടുക - ബിറ്റുമെന്റെ വില | 27.29 | 27.29 | 0 | 0 |
| | 39.35 | 39.35 | 50.00 | 50.02 |
| (+) 15% CPOH | 5.90 | 0 | 7.50 | 0 |
| 1sqm ന് | 45.25 | 39.35 | 57.50 | 50.02 |
| Say | 45.25 | 39.35 | 57.50 | 50.00 |

മേൽപ്പറഞ്ഞ പ്രകാരം കണക്കാക്കുമ്പോൾ താഴെപ്പറയുന്നരീതിയിൽ അധികനിരക്ക് നല്കിയതായി കാണുന്നു.

| | നല്കിയത് | നല്കാവുന്നത് | വ്യത്യാസം |
|---|---|---|---|
| Without CPOH | 50.00 | 39.25 | 10.65 |
| WithCPOH | 57.50 | 45.25 | 12.25 |

ഇതുപോലെ 16.32.2 (2cm premix carpet surfacing paving Asphalt grade VG-30), 16.41(Providing and Applying sealcoat -VG-30) , MoRD Sl.No.506 (Construction of PenetrationMaccadem over prepared base VG-30) എന്നീ ഇനങ്ങളിൽ നിരക്ക് നല്കിയിരിക്കുന്നതും ബിറ്റുമിന്റെ വിലയിൽ കോസ്ററ് ഇൻഡെക്സ് കൂടി ഉൾപ്പെടുത്തി കണക്കാക്കിയാണ്. അതനുസരിച്ച് താഴെപ്പറയുന്നപ്രകാരം നിരക്ക് വ്യത്യാസം വന്നിട്ടുണ്ട്.

| ഇനം | | നല്കിയത് | നല്കാവുന്നത് | വ്യത്യാസം |
|---|---|---|---|---|
| 16.32.2 (2cm premix carpet surfacing paving Asphalt grade VG-30) | without CPOH | 163.20 | 146.65 | 16.55 |
| | With CPOH | 187.71 | 167.95 | 19.76 |

| ഇനം | | നല്കിയത് | നല്കാവുന്നത് | വ്യത്യാസം |
|---|---|---|---|---|
| 16.32.2 (2cm premix carpet surfacing paving Asphalt grade VG-30) | without CPOH | 92.30 | 81.02 | 11.28 |
| | With CPOH | 106.15 | 93.17 | 12.98 |

| ഇനം | | നല്കിയത് | നല്കാവുന്നത് | വ്യത്യാസം |
|---|---|---|---|---|
| MoRD Sl.No.506 (Construction of PenetrationMaccadem over prepared base VG-30 -50 mm thick) | without CPOH | 200.50 | 188.98 | 11.52 |
| | With CPOH | 230.60 | 217.33 | 13.27 |

ബിറ്റുമെൻ ഉപയോഗിക്കുന്ന പ്രവൃത്തികളിൽ ബിറ്റുമെന്റെ വില ഒഴിവാക്കിവേണം കോസ്റ്റ് ഇൻഡെക്സ് കണക്കാക്കേണ്ടത് എന്നിരിക്കെ അതുൾപ്പെടെ കോസ്റ്റ് ഇൻഡെക്സ് കണക്കാക്കിയിന്റെ സാഹചര്യം വിശദമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് അസിസ്റ്റന്റ് എൻജിനീയർ ലഭ്യമാക്കിയ മറുപടിയിൽ 29.03.2016-ലെ എൽ.എസ്.ജി.ഡി. ചീഫ് എൻജിനീയറുടെ സർക്കുലർ പ്രകാരം 29.03.2016-ന് ശേഷം ബിറ്റുമെന്റെ വില കോസ്ററ് ഇൻഡക്സ് ഒഴിവാക്കിയിട്ടുള്ളതാണ്എന്നും, അതിന് മുമ്പ് ബിറ്റുമെന്റെ നിരക്ക് കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തിയതാണെങ്കിലും ഈ സർക്കുലർ ബാധകമല്ലെന്നുമാണ് വിശദീകരിച്ചിരിക്കുന്നത്.

എന്നാൽ കീഴ്മാട് ഗ്രാമപഞ്ചായത്തിൽ 1.08.2015-ന മുമ്പ് എഗ്രിമെന്റ് വെച്ച പദ്ധതികളിൽ ബിറ്റുമിന്റെ വില കോസ്റ്റ് ഇന്റക്സ് (1.3905) ഉൾപ്പെട്ട നിരക്കാണ് കൊടുത്തിരിക്കുന്നത്. 1.08.15-നശേഷം ബിറ്റുമിന്റെ നിരക്കിന് കോസ്റ്റ് ഇന്റക്സ് കൊടുത്തിട്ടുമില്ല. അതായത് 29.03.2016-ന് മുൻപ് തന്നെ കോസ്റ്റ് ഇന്റക്സ് ഉൾപ്പെട്ടനിരക്കും, ഇല്ലാത്ത നിരക്കും നല്കിയിട്ടുണ്ട്. അതിന്റെയർത്ഥം 20.03.2016-ലെ എൽ.എസ്.ജി.ഡി. ചീഫ് എൻജിനീയറുടെ സർക്കുലർ വരുന്നതിന് മുമ്പ് തന്നെ ബിറ്റുമിന്റെ വിലയ്ക്ക് കോസ്റ്റ് ഇന്റക്സ് നല്കവാൻ പാടില്ല എന്ന് മനസ്സിലാക്കി അതുപ്രകാരം എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങിയിട്ടുണ്ട് എന്നാണ്. അങ്ങനെയെങ്കിൽ 01.08.2015-ന് മുമ്പ് എന്തുകൊണ്ട് ബിറ്റുമെന്റെ വിലയ്ക്കക് കോസ്റ്റ് ഇൻഡക്സ് ഒഴിവാക്കിയില്ല എന്നതിന് തൃപ്തികരമായ

വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

ഈ സാഹചര്യത്തിൽ ബിറ്റുമിൻ ഉപയോഗിക്കുന്ന ഓരോ ഇനത്തിനും നല്കിയിരിക്കുന്ന നിരക്ക് ശരാശരി ചതുരശ്രമീറ്ററിന് 12.50/- രൂപയോളം അധികം വരും. കോസ്റ്റ് ഇൻഡക്സ് ഉൾപ്പെടുത്തി ബിറ്റുമിന്റെ വില കണക്കാക്കിയിരിക്കുന്ന പ്രവൃത്തികളിൽ അധികനിരക്ക് നല്കിയത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 2,00,000 | ശാരീരികമാനസിക വെല്ലുവിളി നേരിടുവന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| ജില്ലാ പഞ്ചായത്ത് | 2015-16 | 1,66,180 | | 1,66,180 | 0 |
| കൃഷിവകുപ്പ് | 2015-16 | 27,000 | നെൽകൃഷി വികസനം | 27000 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 1,99,928 | മെസ്യുട്ടിഹാജി റോഡ് മെറ്റലിംഗ് | 199928 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2015-16 | 3,00,000 | ചൗവ്വരചൗക്കറോഡ് റീടാറിംഗ് | 300000 | 0 |

2015-16 വർഷം സംയുക്തപ്രൊജക്ടുകൾക്കുവേണ്ടി വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച വിഹിതം മുഴുവൻ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ 2008-09 വർഷം മുതൽ വിവിധ സംയുക്തപ്രൊജക്ടുകൾക്കുവേണ്ടി വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകളിൽ ഇനിയും ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുകകൾ താഴെപ്പറയുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുക |
|---|---|---|
| ജില്ലാ പഞ്ചായത്ത് | ലിഫ്റ്റ് ഇറിഗേഷൻ സ്കീം | 29,200 |
| ബ്ലോക്ക്പഞ്ചായത്ത് | അങ്കണവാടി നിർമ്മാണം | 43,503 |
| ശുചിത്വമിഷൻ | സമ്പൂർണ്ണ ശുചിത്വം | 64,800 |

| | | |
|---|---|---|
| സി.ഡി.പി.ഒ | പൂരക പോഷകാഹാരം (കേന്ദ്രവിഹിതം) | 3,66,207 |
| ബ്ലോക്ക്പഞ്ചായത്ത് | പൂരക പോഷകാഹാരം (ബ്ലോക്ക്പഞ്ചായത്ത് വിഹിതം) | 135 |

ഈ തുകകൾ ചെലവഴിക്കുകയോ, അല്ലാത്തപക്ഷം അതത് ഏജൻസികൾക്ക് തിരികെ നല്കുകയോ ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പോസ്റ്റ്&ഇലക്ട്രിക് ലൈൻ മാറ്റിയിടൽ | 3509024/ 3/3/2016 350909/ 16.2.16 3509021/ 3.3.16 | 99,233/- | 0 | 99,233/- |
| KWA | വിവിധ വാർഡിൽ പൈപ്പ് ലൈൻസ്ഥാപിക്കൽ | 3509022/ 03.03.2016 3509023/ 03.03.2016 | 2,06,000 | | 2,06,000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 3150743 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല (പലിശ-503581) |
| ആകെ | 3654324 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3654324 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| 9985/113286 | 3654324 |
| ആകെ | 3654324 |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-2001 | 8 & 9 | 2003-2004 | മരാമത്ത് പണികൾക്ക് അധികം തുക നല്കിയത് | - | - |
| 2008-2009 | 3-4 | 2012-2013 | പട്ടികജാതിക്കാർക്ക് സ്വയം തൊഴിൽ പരിശീലനകേന്ദ്രം- | ഉദ്ദേശലക്ഷ്യം കൈവരിച്ചിട്ടില്ല | - |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,15,70,275 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 5,71,47,769 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1,34,101 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 13,820 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 14,05,233/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1,27,526/- | | മജീദ് സി.എം സെക്രട്ടറി |
| 2-2 | 375/- | | പി.എം.സാഹിബ കൃഷിഓഫീസർ |
| 2-5 | 6,200/- | | മജീദ് സി.എം സെക്രട്ടറി |
| 3-1 | | 12,020 | സന്തോഷ് പി.എം വി.ഇ.ഒ |
| 3-4 | | 1,800 | മജീദ് സി.എം സെക്രട്ടറി |
| ആകെ | 1,34,101 | 13,820 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 1,00,000/- | ഡോ.മധുസൂദനൻ നമ്പ്യാർ ചീഫ് മെഡിക്കൽ ഓഫീസർ ഗവ.ഹോമിയോ ഡിസ്പെൻസറി |
| 3-9 | 13,05,233/- | മജീദ് സി.എം സെക്രട്ടറി |
| | 14,05,233/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 1,400/- (ആദായനികുതി) | മജീദ് സി.എം സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മജീദ് സി.എം<br>സെക്രട്ടറി | സെക്രട്ടറി | ഗ്രീൻ ഹൗസ്,ചേലാട്<br>പത്തനാപുരം,<br>കൊല്ലം |
| പി.എം.സാഹിബ<br>കൃഷിഓഫീസർ | കൃഷിഓഫീസർ<br>കീഴ്മാട് കൃഷിഭവൻ | - |
| സന്തോഷ് പി.എം<br>വി.ഇ.ഒ | വി.ഇ.ഒ | സന്തോഷ് പി.എം<br>ഫാക്ട്(CD),<br>Qrtr.No.509/09<br>അമ്പലമേട് പി.ഒ |
| ഡോ.മധുസൂദനൻ നമ്പ്യാർ<br>ചീഫ് മെഡിക്കൽ ഓഫീസർ<br>ഗവ.ഹോമിയോ ഡിസ്പെൻസറി | ചീഫ് മെഡിക്കൽ ഓഫീസർ<br>ഗവ.ഹോമിയോ ഡിസ്പെൻസറി | മണ്ണമറ്റത്തിൽഹൗസ്,<br>പല്ലാരിമംഗലം പി.ഒ,<br>പോത്താനിക്കാട്,<br>കോതമംഗലം-686671 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ചഏറ്റവും ഒടുവിലത്തെകത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | എൽഎഫ്ഇ(പി3)1175/01, 21.12.01/18.3.02 |
| 2000-01<br>(പ. വി.) | എൽഎഫ്ഇ(പി3)127/03, 11.12.03/13.2.04 |
| 2000-01<br>(പദ്ധതി ഒഴികെ ചെലവ്) | എൽഎഫ്ഇ(പി3)1594/06, 15.1.07/10.4.07 |
| 2000-01<br>(വരവ്)<br>2001-02<br>(പദ്ധതി ഒഴികെ ചെലവ്) | എൽഎഫ്ഇ(പി3)1596/06, 15.1.07/10.4.07 |

| | |
|---|---|
| 2001-02 (പദ്ധതി ചെലവ്) | എൽഎഫ്ഇ(പി3)1270/03, 11-12-03/3-2-04 |
| 2002-03 (ചെലവ്) | എൽഎഫ്ഇ(പി3)1592/06, 15.1.2007/10.4.2007 |
| 2003-04 | എൽഎഫ്ഇ(പി3)1967/07, 27-3-2006 |
| 2009-10, 2010-11 & 2011-12 | എൽഎഫ്ഇ(പി5)1728/12, 4-10-2012 |
| 2012-13 | എൽഎഫ്ഇ(പി5)532/14, 17-5-14/10-6-14 |
| 2013-14& 2014-15 | കെ.എസ്.എ ഇകെഎം(പി5)1426/1517-08-15 /31-08-15 |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേഡ്)

# അനുബന്ധം - 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.-ഇകെഎം(പി.5)1978/2016 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ : lfadekm@gmail.com
തീയതി :13.12.2016

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കീഴ്മാട് ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

# APPENDIX – I

# AUDIT CERTIFICATE

No.K.S.A.-EKM(P5)1978/2016

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682030
Phone : 0484 2422271,
E-mail : lfadekm@gmail.com
Dated: 13.12.2016

Certified that I have audited the Annual Financial Statement of Keezhmadu Grama panchayath in Ernakulam district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Keezhmadu Grama panchayath for the year 2015-16 except the observations in my audit report properly presents the picture of income and expenditure.

Deputy Director(H.G.)